ഐസി2-1266/2024

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം
തീയതി: 22.03.2024

നോട്ടീസ്

വിഷയം:- ജലസേചനം-ജീവനക്കാര്യം-തേർഡ് ഗ്രേഡ് ഓവർസിയറായ ശ്രീ.അമൽ.എം.പി യുടെ പേര് 01.01.2020 മുതൽ31.05.2022 വരെയുള്ള തേർഡ് ഗ്രേഡ് ഓവർസിയർമാരുടെ(സിവിൽ) അന്തിമ മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്

സൂചന-(1) 06.10.2023-ലെ ഈ കാര്യാലയത്തിലെ ഉത്തരവ് നം. ഐസി2- 64060/2022

(2) ശ്രീ.അമൽ.എം.പി തേർഡ് ഗ്രേഡ് ഓവർസിയറുടെ അപേക്ഷ

പുനലൂർ,കെ.ഐ.പി(എൽ.ബി)സെക്ഷൻ നം 1/1 കാര്യാലയത്തിലെ തേർഡ് ഗ്രേഡ് ഓവർസിയറായ ശ്രീ.അമൽ.എം.പി യുടെ പേര് സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച തേർഡ് ഗ്രേഡ് ഓവർസിയർ(സിവിൽ)മാരുടെ 01.01.2020 മുതൽ 31.05.2022 വരെയുള്ള അന്തിമ മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി സൂചന(2) പ്രകാരം അപേക്ഷയും, അനുബന്ധരേഖകളും സമർപ്പിച്ചിരിക്കുന്നു. ആയത് പരിശോധിച്ചതിൽ നിന്നും ശ്രീ.അമൽ.എം.പി യുടെ പേര് മേൽസൂചിപ്പിച്ച അന്തിമ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താമെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.ആയതിനാൽ മേൽസൂചന (1) പ്രകാരമുള്ള അന്തിമ മുൻഗണനാ പട്ടികയിലെ ക്രമ നം. 215 ആയ ശ്രീ.പുഷ്പരാജ്.എസ് നും ക്രമ നം. 216 ആയ ശ്രീ.ജോതിൻ.എ യ്ക്കും മദ്ധ്യേ ക്രമ നം. 215(A)ആയി ശ്രീ.അമൽ.എം.പി യുടെ പേര് ഉൾപ്പെടുത്തി ഉത്തരവാകുന്നതാണ്.

ഇതിന്മേൽ ഏതെങ്കിലും തരത്തിലുള്ള പരാതിയോ ആക്ഷേപമോ ഉള്ളവർ ആയത് തെളിയിക്കുന്നതിന് ആവശ്യമായ മേലധികാരി സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം ഈ നോട്ടീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിൽ ഉചിതമാർഗ്ഗേണ നൽകേണ്ടതാണ്. പ്രസ്തുത തീയതിയ്ക്കുള്ളിൽ പരാതികൾ ഒന്നും തന്നെ ലഭിച്ചില്ല എങ്കിൽ ശ്രീ.അമൽ.എം.പി യുടെ പേര് മേൽപ്പറഞ്ഞ അന്തിമ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നതാണ്.

ശ്രീ.അമൽ.എം.പി
തേർഡ് ഗ്രേഡ് ഓവർസിയർ
(ഓഫീസ് മേലധികാരി മുഖേന)

ചീഫ് എഞ്ചിനീയർക്കുവേണ്ടി

പകർപ്പ്

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ.ടി സെൽ, ഇറിഗേഷൻ
(നോട്ടീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)